ജി3 -37505/2010

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 27 -07-2016

# സർക്കുലർ

വിഷയം:- പഞ്ചായത്ത് വകപ്പ്- ഉദ്യോഗസ്ഥർക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സി.യു.ജി. സംവിധാനത്തിൽ മൊബൈൽ ഫോൺ ലഭ്യമാക്കിയ്ത്-മാർഗ്ഗനിർദ്ദേശം-സംബന്ധിച്ച്

സൂചന: 1) 22-7-2011 ലെ സ.ഉ(കൈ) നമ്പർ 149/2011/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) ഈ ഓഫീസിലെ 23-8-2011 ലെയും 2-6-2015 ലെയും ഇതേ നമ്പർ സർക്കുലറുകൾ

പഞ്ചായത്ത് വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർക്ക് സി.യു.ജി സംവിധാനത്തിൽ സിം കാർഡുകൾ അനുവദിക്കുകയും അവ ഉപയോഗിക്കുന്ന മൊബൈൽ ഫോണുകളുടെ ഉപയോഗം സംബന്ധിച്ച് സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽ ഫോണുകൾ എല്ലായിപ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതാണെന്നും കോൺഫറൻസുകളിൽ പങ്കെടുക്കുമ്പോഴൊ, അതുപോലുള്ള സമാനമായ അവസരങ്ങളിലോ Silent മോഡിലേക്ക് മാറ്റി ഉപയോഗിക്കേണ്ടതാണ് എന്നും യാതൊരു കാരണവശാലും സ്വിച്ച് ഓഫ് ചെയ്യാൻ പാടില്ല എന്നും നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഈ ഓഫീസിൽ നിന്നും കർശന നിർദ്ദേശം നൽകിയിട്ടും പല ഉദ്യോഗസ്ഥരും ഓഫീസ് സമയത്തും അതിനുശേഷവും മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്ത് വെയ്ക്കുകയോ, ഫോൺ അറ്റൻഡ് ചെയ്യാതിരിക്കുകയോ ചെയ്യുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ ഓഫീസിലെ നിർദ്ദേശാനുസരണം സി.യു.ജി സിം ഉപയോഗിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും മേൽവിവരിച്ച അത്യാവശ്യ അവസരങ്ങളിലൊഴികെ

എല്ലായിപ്പോഴും മൊബൈൽ ഫോണുകൾ ആക്ടിവേറ്റഡ് മോഡിൽ സൂക്ഷിക്കേണ്ടതാണ് എന്ന് കർശനമായി നിർദ്ദേശിക്കുന്നു. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതും, അറ്റൻഡ് ചെയ്യാതിരിക്കുന്നതുമായ ഏതെങ്കിലും കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഒരറിയിപ്പ് കൂടാതെ തന്നെ അത്തരം ഉദ്യോഗസ്ഥർക്കെതിരെ അടച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ഫോണിലെ സിം കാർഡ് നിർവീര്യമാക്കുന്നതുമാണ്.

ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മറ്റ് ഉദ്യോഗസ്ഥരും ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
**സി.എ.ലത, ഐ.എ.എസ്**
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്- എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും,
ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

ലെയ്സൻ ഓഫീസർ (എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും

പഞ്ചായത്ത് ഡയറക്ടർ
അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ
പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം/വികസനം) എന്നിവരുടെ സി.എ.മാർക്ക്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

വി.ജി 28/7/16